(ബി) വി. ആർ. എസ്. നൽകുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലുള്ള പാക്കേജ് എന്താണ്;

(സി) വി. ആർ. എസ്. നൽകുന്നതിനുള്ള തുക ഫാക്ടറിയുടെ ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും നൽകാൻ ഷുഗർമിൽ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയാണ് നൽകാൻ തീരുമാനിച്ചത്;

(ഡി) ഗ്രാറ്റുവിറ്റി ഫണ്ട് സ്വാഭാവിക വിരമിക്കൽ, മരണം, രാജി വയ്ക്കൽ എന്നിവയ്ക്ക് നൽകാൻ മാത്രമേ വിനിയോഗിക്കാവൂ എന്നുള്ള വ്യവസ്ഥ നിലനിൽക്കെ ചിറ്റൂർ ഷുഗർമില്ലിന്റെ ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും തുക എടുക്കുവാനുള്ള തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർത്തിയാക്കിയ വർഷങ്ങളിൽ 45 ദിവസത്തെ ശമ്പളം എന്ന നിരക്കിൽ എക്സ്ഗ്രേഷ്യാ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക തുക, നോട്ടീസ് പേ എന്നിവയാണ് നിലവിലുള്ള പാക്കേജ്.

(സി) വി. ആർ. എസ്. പദ്ധതിപ്രകാരം വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങളോടൊപ്പം 31-12-2004 വരെ സൂപ്പർ ആനുവേഷനെ തുടർന്ന് വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് എന്നീ ആനുകൂല്യങ്ങളും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി രണ്ടുവിഭാഗത്തിലും പെട്ടവർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റിയുടെ 55.25% തുകയാണ് സർക്കാർ അനുവദിച്ചത്. 2 വിഭാഗത്തിലും പെട്ടവർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റിയുടെ 80% തുക നൽകുന്നതിന് 24.75% തുക കൂടി ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും എടുക്കുന്നതിനാണ് ഭരണ സമിതി തീരുമാനിച്ചത്. വി. ആർ. എസ്. പദ്ധതി പ്രകാരം വിരമിച്ചവർക്ക് വേണ്ടി വരുന്ന 66.65 ലക്ഷം രൂപയും സൂപ്പർ ആനുവേഷനെത്തുടർന്ന് വിരമിച്ചവർക്ക് വേണ്ടിവരുന്ന 20.51 ലക്ഷം രൂപയും ചേർത്ത് 87.16 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും പിൻവലിച്ച് ടി ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ വിതരണം ചെയ്യാൻ ഭരണ സമിതി തീരുമാനിച്ചു.

(ഡി) ഗ്രാറ്റുവിറ്റി ഫണ്ട് സ്വാഭാവിക വിരമിക്കൽ, മരണം, രാജി വയ്ക്കൽ എന്നിവയ്ക്കു മാത്രമേ നൽകാവൂ എന്ന് പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിൽ നിഷ്കർഷിച്ചിട്ടില്ല. സ്വാഭാവികമല്ലാതെ വിരമിക്കുന്നവർക്കും പ്രസ്തുത ആക്ട് പ്രകാരം ഗ്രാറ്റുവിറ്റിക്ക് അർഹതയുള്ളതാണ്. പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം അർഹതപ്പെട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഗ്രാറ്റുവിറ്റി ഫണ്ടാണ് ചിറ്റൂർ ഷുഗർ മില്ലിൽ നിലവിലുള്ളത്. ആ ഫണ്ടാണ് വി. ആർ. എസ്. വാങ്ങിയ തൊഴിലാളികൾക്കും നല്കിയിട്ടുള്ളത്.

ക്ഷേമനിധി നടപ്പിലാക്കിയിട്ടില്ലാത്ത തൊഴിലാളികൾക്ക്
ക്ഷേമ പദ്ധതികൾ

71 [2208] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, പെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ക്ഷേമനിധി നടപ്പിലാക്കിയിട്ടില്ലാത്ത ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കച്ചവട വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, സ്വർണ്ണാഭരണ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, മരം കയറ്റ തൊഴിലാളികൾ, മൺപാത്ര തൊഴിലാളികൾ എന്നിവർക്ക് ക്ഷേമ പദ്ധതികൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

പച്ചക്കാനം–ഗവ. കെ. എഫ്. ഡി. സി. ഏലത്തോട്ടത്തിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

72 [2209] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പച്ചക്കാനം–ഗവ. കെ. എഫ്. ഡി. സി. ഏലത്തോട്ടത്തിലെ (റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ) തൊഴിലാളികൾക്ക് കഴിഞ്ഞ അഞ്ചുമാസമായി ശമ്പളം കൊടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ വൈദ്യസഹായം, കമ്പിളി, പഠനം, താമസം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(സി) നിലവാരമില്ലാത്ത കമ്പിളി നൽകിയപ്പോൾ വാങ്ങാതിരുന്ന തൊഴിലാളികൾക്ക് 260 രൂപ പിഴയിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ശമ്പളം കൊടുത്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ലെന്നാണ് കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഫെബ്രുവരി 18 മുതൽ മേയ് 15 വരെ തോട്ടങ്ങളിൽ വേനൽ അവധിയാണ്. ഇക്കാലത്ത് ജലസേചനം, നഴ്സറി ജോലികൾ, കീടനാശിനി പ്രയോഗം എന്നിവയ്ക്കായി തൊഴിലാളികളെ ടേൺ വ്യവസ്ഥയിൽ നിയോഗിക്കാറുണ്ട്. കൂടാതെ മേയ് മുതൽ ആഴ്ചതോറും മുടങ്ങാതെ തൊഴിലാളികൾക്ക് ചെലവ് കാശ് നൽകി വരുന്നുണ്ട്.

(ബി) ഇവിടെ വൈദ്യസഹായം, കമ്പിളി, പഠനം, താമസം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്.

(സി) നിലവാരമില്ലാത്ത കമ്പിളി വിതരണം നടത്തിയിട്ടില്ല. 2004-ലെ കമ്പിളി എല്ലാ തൊഴിലാളികളും കൈപ്പറ്റിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആർക്കും പിഴ ചുമത്തിയിട്ടില്ല.

(ഡി) ഏലത്തിന്റെ വിളവെടുപ്പ് തുടങ്ങുന്ന മുറയ്ക്ക് ആഗസ്റ്റ് മാസം മുതൽ തൊഴിലാളികൾക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക ഗഡുക്കളായി കൊടുത്ത് തീർക്കുന്നതാണെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly